**അബ്ദുസ്സമദ് രണ്ടത്താണി**
abdussamad.kt@gmail.com

# ആശ്വാസദായകമാകണം രോഗിസന്ദർശനം

عَنْ ثَوْبَانَ مَوْلَى رَسُولِ اللَّهِ صلى الله عليه وسلم قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم :
مَنْ عَادَ مَرِيضًا لَمْ يَزَلْ فِي خُرْفَةِ الْجَنَّةِ حَتَّى يَرْجِعَ (رواه مسلم 2568)

**സൗബാൻ (റ) നിവേദനം ചെയ്യുന്നു; നബി (സ) പറഞ്ഞു: നിശ്ചയമായും ഒരു മുസ്‌ലിം രോഗിയായ തന്റെ സഹോദരനെ സന്ദർശിച്ചാൽ അവിടെനിന്ന് മടങ്ങുന്നതുവരെ അയാൾ സ്വർഗത്തിലെ കനികൾ പറിച്ചെടുത്തുകൊണ്ടിരിക്കും (മുസ്‌ലിം 2568).**

പല രീതികളിൽ അല്ലാഹു വിശ്വാസികളെ പരീക്ഷിക്കും. അത്തരം സന്ദർഭങ്ങളിലെല്ലാം ക്ഷമയവലംബിക്കുകയാണ് മുഅ്മിനിന്റെ സമീപനം. വിശ്വാസിയുടെ കാര്യം അത്ഭുതകരമാണെന്നു പറഞ്ഞ പ്രവാചകൻ, വിപത്തുണ്ടാകുമ്പോൾ ക്ഷമിക്കുമെന്ന അസാധാരണ ഗുണം അവന് സ്വന്തമെന്ന് പ്രത്യേകം ഓർമപ്പെടുത്തുകയുണ്ടായി. പ്രവാചകന്മാർ വരെ പല രീതികളിലുള്ള പരീക്ഷണങ്ങൾക്കു വിധേയരായിട്ടുണ്ട്. അതിലൊന്നാണ് രോഗം.

അല്ലാഹു രോഗങ്ങളിലൂടെ പരീക്ഷിക്കുകയാണെന്ന തിരിച്ചറിവ് രോഗവേളകളിൽ നമുക്ക് ക്ഷമയും മനക്കരുത്തും നൽകുന്നു. നമ്മുടെ കരങ്ങൾ പ്രാർഥനാനിർഭരമായി അല്ലാഹുവിലേക്ക് സദാ ഉയരുന്നുണ്ടോ എന്ന പരീക്ഷണവും രോഗങ്ങളിലൂടെ നടക്കുന്നുണ്ട്. ആരോഗ്യവും ഒഴിവു സമയവും മനുഷ്യൻ ശ്രദ്ധിക്കാതെ പോകുന്ന രണ്ടു കാര്യങ്ങളാണെന്ന് പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ കൈകളുയർത്തി, കണ്ണീരൊഴുക്കി അല്ലാഹുവിലേക്ക് ആത്മാർഥമായി മടങ്ങാനാവണം ഇത്തരം പരീക്ഷണങ്ങൾ നിമിത്തമാവേണ്ടത്.

രോഗം ശാപമല്ല, അല്ലാഹുവിന്റെ പരീക്ഷണവും പാപങ്ങൾ പൊറുക്കാനുള്ള വഴിയും ആരോഗ്യത്തിന്റെ വില ബോധ്യപ്പെടുത്താനുള്ള അനുഗ്രഹവുമാണെന്ന് പറയുന്ന ധാരാളം നബിവചനങ്ങളുണ്ട്: ''ആർക്കെങ്കിലും രോഗം നൽകി അല്ലാഹു പരീക്ഷിച്ചാൽ മരത്തിൽനിന്നും ഇലകൾ കൊഴിയുന്നതുപോലെ ശരീരത്തിൽനിന്നും പാപങ്ങൾ പൊറുക്കപ്പെടും.'' ഒരിക്കൽ നബി(സ) കടുത്ത പനി ബാധിച്ച് കിടപ്പിലായി. അബൂമസ്ഊദ് (റ) അദ്ദേഹത്തെ സന്ദർശിക്കവെ ചോദിച്ചു: ''പ്രവാചകരേ, അങ്ങേക്ക് നല്ല പനിയുണ്ടല്ലേ?'' 'അതെ, നിങ്ങളിൽ രണ്ടു പേർക്ക് ബാധിക്കുന്ന പനി എനിക്കുണ്ട്' എന്നു മറുപടി പറഞ്ഞ പ്രവാചകനോട് അബൂമസ്ഊദ് (റ) പറഞ്ഞു: ''അങ്ങേക്ക് ഇരട്ടി പ്രതിഫലം ലഭിക്കാൻ വേണ്ടിയായിരിക്കും അത്.'' അപ്പോൾ നബി പറഞ്ഞു: ''അതേ, അങ്ങനെ തന്നെ.''

അശരണരുടെയും ആലംബഹീനരുടെയും പ്രയാസങ്ങൾ ലഘൂകരിക്കുകയെന്നത് ഏറെ പുണ്യകരമാണ്. വ്യക്തിപരമായോ പാലിയേറ്റീവ് കെയർ പോലെ രോഗികളെ ശുശ്രൂഷിക്കുന്ന കൂട്ടായ്മയിൽ അംഗമായോ രോഗികളെ പരിചരിക്കുന്നതും അവരെ സാമ്പത്തികമായി സഹായിക്കുന്നതും വിശ്വാസിയുടെ ബാധ്യതയാണെന്ന് മാത്രമല്ല, കാലഘട്ടത്തിന്റെ ആവശ്യവുമാണെന്ന് മനസ്സിലാക്കുക. അതുകൊണ്ടു രോഗിസന്ദർശനവും ആശുപത്രി സന്ദർശനവുമെല്ലാം ഒരു മുസ്‌ലിമിന്റെ സാമൂഹിക ബാധ്യതയിൽപെടും.

ഒരാൾ രോഗിയെ സന്ദർശിക്കുമ്പോൾ രോഗിക്കും സന്ദർശകന്നും ധാരാളം സൽഫലങ്ങളും ഗുണങ്ങളും ലഭിക്കുന്നുണ്ട്. രോഗിയെ ശുശ്രൂഷിക്കുമ്പോൾ ഒരു വിശ്വാസിയിൽ നിറയുന്ന ആത്മാർഥതയെ ഇമാം ശാഫിഈ തന്റെ കവിതയിൽ പ്രശംസിക്കുന്നുണ്ട്: ''എന്റെ സുഹൃത്ത് രോഗിയായപ്പോൾ ഞാൻ അവനെ പരിചരിച്ചു. അവന്റെ കാര്യത്തിലുള്ള എന്റെ ആധിയാൽ ഞാൻ രോഗിയായി. അങ്ങനെ കിടപ്പിലായ എന്നെ പരിചരിക്കാൻ ആ സുഹൃത്ത് വന്നു. അവനെ കണ്ടതോടെ എന്റെ രോഗം ഭേദമായി.''

രോഗിസന്ദർശനം കൊണ്ടുള്ള ഗുണങ്ങളും സൽഫലങ്ങളും നിരവധിയാണ്. ഏറെക്കാലമായി ആളുകൾക്കിടയിലുണ്ടായിരുന്ന ഒരാൾ കിടപ്പിലാവുമ്പോൾ അനുഭവിക്കുന്ന ഏകാന്തതക്ക് ഒരു പരിധി വരെ അത് പരിഹാരമാകുന്നു. നിരാശയില്ലാതാക്കാനും ആത്മവിശ്വാ

സവും പ്രതീക്ഷയും വളർത്താനും ഇത് ഉപകരിക്കുന്നു. രോഗിക്കും അയാളുടെ കുടുംബത്തിനും തങ്ങളെ ആളുകൾ പരിഗണിക്കുന്നുണ്ടെന്ന ആശ്വാസവും ഇതുണ്ടാക്കുന്നു. മനുഷ്യർ തമ്മിലുള്ള ബന്ധം ഊഷ്മളമാവുന്നു. ദൈവം നൽകിയ ആരോഗ്യം എന്ന അമൂല്യ അനുഗ്രഹത്തെക്കുറിച്ച് രോഗിയിലും സന്ദർശകനിലും ചിന്തകളുണരുന്നു.

രോഗികളെ സന്ദർശിക്കുകയും പരിചരിക്കുകയും ചെയ്യേണ്ടത് വിശ്വാസിയുടെ ബാധ്യതയാണ്. ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ധാരാളം നബിവചനങ്ങളുണ്ട്. അവയിലൊന്നാണ് മുകളിലുദ്ധരിച്ചത്. 'അയാൾ സ്വർഗത്തിലെ കനികൾ പറിച്ചെടുത്തുകൊണ്ടിരിക്കും' എന്നത് ഒരു ആലങ്കാരിക പ്രയോഗമാണെന്ന് മനസ്സിലാക്കാവുന്നതാണ്. 'ഒരു മുസ്‌ലിം രോഗിയായ മറ്റൊരു മുസ്‌ലിമിനെ പരിചരിച്ചാൽ വൈകുന്നേരം വരെ എഴുപതിനായിരം മലക്കുകൾ അവനു വേണ്ടി പ്രാർഥിക്കും. വൈകുന്നേരമാണ് ശുശ്രൂഷിക്കുന്നതെങ്കിൽ പ്രഭാതം വരെ എഴുപതിനായിരം മലക്കുകൾ അവനു വേണ്ടി പ്രാർഥിക്കും. സ്വർഗത്തിൽ അവന് സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്യും' എന്നും നബിവചനമുണ്ട് (തിർമിദി).

രോഗിയെ പരിചരിക്കുന്നിടത്ത് അല്ലാഹുവിന്റെ സാന്നിധ്യമുണ്ടാകുമെന്ന് ഖുദ്സിയായ ഹദീസിൽ വന്നിരിക്കുന്നു. 'ഞാൻ രോഗിയായപ്പോൾ നീ എന്തുകൊണ്ട് എന്നെ സന്ദർശിച്ചില്ല' എന്ന അല്ലാഹുവിന്റെ ചോദ്യത്തിന് നല്ല ആഴമുണ്ട്. രോഗ സന്ദർശനത്തിന് ഉപയോഗിച്ച വാക്ക് 'ഇയാദ' എന്നാണ്. ക്ലിനിക്കിന് അറബിയിൽ ഇയാദ എന്നാണ് പറയുക. ക്ലിനിക്ക് പരിചരണത്തിനും ആശ്വാസം പകരുന്നതിനുമാണല്ലോ. ഇതുപോലെ ഒരു വിശ്വാസി രോഗിയെ സന്ദർശിക്കുമ്പോൾ കേവല സന്ദർശനം എന്നതിലുപരി, അവന് ആശ്വാസവും മനസ്സമാധാനവും നൽകുന്ന വിധത്തിലായിരിക്കണം ഇടപെടേണ്ടത്. രോഗിക്കും വീട്ടുകാർക്കും പ്രയാസമുണ്ടാകുന്ന സന്ദർശനമാകരുത്.

ചില മര്യാദകളും നാം പാലിക്കണം. രോഗിയുടെ മുന്നിലിരിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കാതിരിക്കുക. കുറച്ചു നേരത്തേക്കുള്ള ഈ സന്ദർശനത്തിനിടയിൽ പോലും നാം ഫോണെടുത്ത് മറ്റൊരാളോട് സംസാരിക്കുന്നത് രോഗിയെ അസ്വസ്ഥനാക്കും. ഈ സന്ദർശനം കേവലം ചടങ്ങു തീർക്കലാണെന്നേ രോഗിക്ക് തോന്നൂ.

രോഗത്തെക്കുറിച്ച് മനസ്സ് വേദനിപ്പിക്കുന്ന രീതിയിൽ കുത്തിക്കുത്തി കാര്യങ്ങൾ ചോദിക്കരുത്. അറിയേണ്ടതുണ്ടെങ്കിൽ രോഗികളുടെ വീട്ടുകാരും ബന്ധുക്കളുമായി സംസാരിക്കാം. കഴിയുന്നതും ഇത്തരം കാര്യങ്ങൾ രോഗിയുടെ മുന്നിൽ വെച്ച് ചോദിക്കാതിരിക്കുക.

രോഗിയുടെ അടുത്ത് കൂടുതൽ സമയം ഇരിക്കാതിരിക്കുക. ചിലപ്പോൾ പ്രാഥമിക കാര്യങ്ങൾക്ക് പോകേണ്ടി വരും. അഴുക്കുകൾ വൃത്തിയാക്കേണ്ടി വരും. പല വിധേനയും മരുന്ന് കഴിപ്പിക്കേണ്ടിവരും. ഇത്തരം സന്ദർഭങ്ങളിൽ അധികനേരം രോഗിയുടെ മുന്നിൽ ചെലവഴിക്കുന്നത് പ്രയാസകരമാവും. സന്ദർശകൻ ഇരുന്നാൽ രോഗിക്ക് കൂടുതൽ ആശ്വാസമുണ്ടാകുമെങ്കിൽ മാത്രം അധിക സമയം രോഗിയോടൊപ്പം ചെലവഴിക്കാം.

സന്ദർശനം ഡോക്ടറോ ബന്ധുക്കളോ വീട്ടുകാരോ വിലക്കിയിട്ടുണ്ടെങ്കിൽ അത് കൃത്യമായി പാലിക്കണം. ഇത് എനിക്ക് വേണ്ടപ്പെട്ട ആളാണ്, ഞാനും അദ്ദേഹവും തമ്മിൽ നല്ല അടുപ്പത്തിലാണ് എന്നു പറഞ്ഞ് സ്വാതന്ത്ര്യം കാണിക്കാൻ ശ്രമിക്കരുത്. ഇത് ഗുണത്തേക്കാളേറെ രോഗിക്ക് ദോഷം ചെയ്യും. സമയം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ സമയങ്ങളിൽ മാത്രം സന്ദർശിക്കാൻ സമയം കണ്ടെത്തുക. ഫോൺ ചെയ്ത് വിവരം അന്വേഷിക്കേണ്ടതാണെങ്കിൽ അങ്ങനെ മാത്രം ചെയ്യുക.

മനസ്സിന് വിഷമമുണ്ടാക്കുന്ന വാക്കുകൾ പറയാതിരിക്കുക. 'ഈ രോഗം ഗൗരവമുള്ളതും സൂക്ഷിക്കേണ്ടതുമാണ്. എനിക്കും അയൽപക്കത്തെ സുഹൃത്തിനും ഇതുപോലെയുള്ള രോഗമാണ് ഉണ്ടായത്, ഇത് പാരമ്പര്യമായി വന്നതുകൊണ്ട് മാറാൻ പ്രയാസമാണ്.....' ഇത്തരം വർത്തമാനങ്ങൾ ഒരിക്കലും രോഗിയോട് പറയരുത്. ചിലപ്പോൾ ഇത്തരത്തിലുള്ള സംസാരം ശരിയും സത്യവുമാകാമെങ്കിലും രോഗിയെ അസ്വസ്ഥനാക്കാൻ അത് മതി. രോഗിയോട് സന്ദർശകൻ മനസ്സിന് സമാധാനം നൽകുന്ന വിധത്തിലാണ് സംസാരിക്കേണ്ടത്.

ഏതു രോഗിയെ സന്ദർശിക്കുമ്പോഴും 'സാരമില്ല, അല്ലാഹു ശിഫയാക്കിത്തരട്ടെ' എന്ന രീതിയിൽ പ്രാർഥിക്കണം. ഏതു മാരക രോഗമാണെങ്കിലും ഇത്തരം പ്രാർഥനകളിലൂടെ രോഗിക്ക് മനസ്സമാധാനം ലഭിക്കും. അതുപോലെ, പ്രവാചകൻ രോഗികളെ സന്ദർശിക്കുമ്പോൾ വലതു കൈ കൊണ്ട് തടവിയ ശേഷം ഇങ്ങനെ പ്രാർഥിക്കുമായിരുന്നു; ''ജനങ്ങളുടെ നാഥനായ അല്ലാഹുവേ, രോഗങ്ങൾ നീക്കിത്തരണം, ശമനം നൽകണം. നീയല്ലാതെ ശമനം നൽകുന്നവനില്ല, നിന്റെ ശമനമില്ലാതെ രോഗശമനവുമില്ല. ഒരു രോഗവും ബാക്കിയാക്കാത്ത ശമനം.''

●